# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *135 | 02.07.2015- ലെ മറുപടിക്ക്

## നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എ.കെ.ബാലൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് എത്രത്തോളം തൃപ്തികരമാണ്; വിശദമാക്കാമോ ; | (എ) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് പുരോഗമിച്ചുവരുന്നു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം പൂർത്തിയാകുന്നതോടുകൂടിയേ പദ്ധതി നിർവ്വഹണ പുരോഗതി കൂടുതൽ വ്യക്തമാകുകയുള്ളൂ. |
| (ബി) | സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന് സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടും പ്രഖ്യാപിത പദ്ധതികൾ നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്ക്കാരങ്ങളും നടപടികളും എന്തൊക്കെയാണെന്നറിയിക്കാമോ; | (സി) | സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും വിവിധ വകുപ്പുകൾ പദ്ധതി തുക ചെലവഴിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അതിൻപ്രകാരം ആദ്യപാദത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനവും, രണ്ടാം പാദത്തിൽ 20 ശതമാനവും, മൂന്നാം പാദത്തിൽ 30 ശതമാനവും, നാലാം പാദത്തിൽ 40 ശതമാനവും പദ്ധതി തുക ചെലവഴിക്കണം. ഇപ്രകാരം ചെലവഴിക്കുന്നുണ്ടോ എന്ന് |

| | | | |
|---|---|---|---|
| | | | നിരീക്ഷിക്കുന്നതിന് 'പ്ലാൻ സ്പേസ്' സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവരെ അറിയിക്കുന്നതിന് ആസൂത്രണ ബോർഡിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പുതിയ പദ്ധതികൾക്കും ജൂൺ മാസം 30 ന് മുമ്പായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഭരണാനുമതി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പ് ഫലപ്രാപ്തിയിലെത്തിക്കാൻ ഇവ സഹായകരമായില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമേ ഇത് വിലയിരുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ